# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.483

### 05-06-2018 ൽ മറുപടിക്ക്

### ചൊവ്വര ജി.എച്ച്.എസിന്റെ വികസനത്തിനായി കിഫ്ബി തീരുമാനം

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2017-2018 ബഡ്ജറ്റ് പ്രസംഗത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള അഞ്ച് കോടി രൂപയുടെ ഒന്നാമത്തെ സ്കീമിൽ ഉൾപ്പെടുത്തിയിരുന്ന എറണാകുളം ജില്ലയിലെ ചെല്ലാനം പുത്തൻതോട് ഗവ. എച്ച്.എസ്.എസ്., മൂന്ന് കോടി രൂപയുടെ രണ്ടാമത്തെ സ്കീമിലും ഉൾപ്പെട്ടതിനാൽ പ്രസ്തുത സ്കൂളിന് പകരമായി ചൊവ്വര ജി.എച്ച്.എസിന്റെ പേര് ഉൾപ്പെടുത്തുന്നതിനായുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ; | 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ രണ്ടാമത്തെ സ്കീമിന്റെ ഭാഗമായി ഒന്നാമത്തെ സ്കീമിൽ ഉൾപ്പെടാത്ത, 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന എല്ലാ സർക്കാർ സ്കൂളുകളിലെയും ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കിഫ്ബിയിൽ നിന്നും 500 കോടി രൂപ നിക്ഷേപിക്കുന്നു എന്നും ഒരു സ്കൂളിന് പരമാവധി 3 കോടി രൂപയാണ് നൽകുക എന്നും പ്രഖ്യാപിച്ചിരിന്നു. തുടർന്ന് 2018-19 ബഡ്ജറ്റ് പ്രസംഗത്തിലെ 51-ആം ഖണ്ഡികയിൽ "കഴിഞ്ഞ വർഷം പ്രഖ്യാപിച്ച 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ് കൂളുകളുടെ ലിസ്റ്റിൽ നിന്നും ഏതാനും സ്കൂളുകൾ വിട്ട് പോയി എന്നും അവർക്ക് മുമ്പ് പ്രഖ്യാപിച്ച 3 കോടി രൂപ വരെയുള്ള സഹായം ലഭ്യമാക്കും " എന്നും പ്രഖ്യാപിച്ചിരുന്നു. ഈ സാഹചര്യത്തിൽ പൊതു സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള രണ്ടാമത്തെ സ്കീമിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുന്ന ആലുവ ചൊവ്വര ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ സ്ഥിതി പരിശോധിച്ച് ഭരണാനുമതി പുറപ്പെടുവിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പിന്റെ ചുമതലയാണ്. |
| (ബി) ചൊവ്വര ജി.എച്ച്.എസ്സിനെ ഉൾപ്പെടുത്തുന്നതിനായി 7.3.2017 ന് ധനകാര്യ | 27.03.2018 ൽ കിഫ്ബിയിൽ ലഭിച്ച 489789/എഡ്യു.എ 3/2017/ധന ഫയലിന്മേൽ നടപടി |

| | |
|---|---|
| വകുപ്പമന്ത്രിക്ക് സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലെ 489789/എഡ്യു.എ 3/2017/ധന. എന്ന ഫയലിൽ തുടർനടപടി സ്വീകരിച്ച് ഇപ്പോൾ കിഫ്ബിയിൽ പരിഗണനയിലിരിക്കുന്ന ഫയലിൽ നാളിതുവരെ തീരുമാനമെടുക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടായിട്ടില്ല. പ്രസ്തുത ഫയലിന്മേൽ നടപടി സ്വീകരിക്കുകയും പൊതു സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള സ്കീമിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്ന ആലുവ ചൊവ്വര ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ സ്ഥിതി പരിശോധിച്ച് അനുയോജ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഭരണവകുപ്പിനോട് ആവശ്യപ്പെടാവുന്നതാണെന്ന് ധന (എഡ്യൂക്കേഷൻ) വകുപ്പിനെ 14.05.2018 ൽ അറിയിച്ചിട്ടുള്ളതാണ്. |
| (സി) പ്രസ്തുത തെറ്റ് തിരുത്തി എന്നത്തേക്ക് ചൊവ്വര ജി.എച്ച്.എസിനെ മൂന്ന് കോടി രൂപയുടെ സ്കീമിൽ ഉൾപ്പെടുത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | ബന്ധപ്പെട്ട ഭരണവകുപ്പിന്റെ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ചൊവ്വര ജി.എച്ച്.എസ്സിനെ മൂന്ന് കോടി രൂപയുടെ സ്കീമിൽ ഉൾപെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ